പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1382 02.05.2017-ലെ മറുപടിക്ക്

## കാസർഗോഡ് കെ.എസ്.ആർ.ടി.സി ഡിപ്പോ

ചോദ്യം
ശ്രീ. എൻ. എ.നെല്ലിക്കുന്ന്

ഉത്തരം
ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ എത്ര സർവ്വീസുകളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | 4 ജൻറം സർവ്വീസുകളും, 6 ടേക്ക് ഓവർ സർവ്വീസുകളും ഉൾപ്പെടെ 83 സർവ്വീസുകൾ കാസർഗോഡ് ഡിപ്പോയിൽ നിന്നും സർവ്വീസ് നടത്തി വരുന്നു. |
| (ബി) | ഏതെല്ലാം ഭാഗങ്ങളിലേക്ക് എപ്പോൾ മുതലാണ് ഈ സർവ്വീസുകൾ നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) | കാസർഗോഡ് നിന്നും മംഗലാപുരം, തൃശ്ശൂർ, പുത്തൂർ, സുള്ള്യ, സുബ്രഹ്മണ്യ, ബാംഗ്ലൂർ, കണ്ണൂർ, ബന്തടുക്ക, കോഴിക്കോട്, എയർപോർട്ട്, പേരാവൂർ, പരിപ്പുതോട്, മാനന്തവാടി, ചെറുപുഴ, ചിറ്റാരിക്കാൽ, മാലോം, ചന്ദ്രഗിരിപ്പാലം വഴി കാഞ്ഞങ്ങാട്, ചട്ടഞ്ചാൽ, ചെമ്പരിക്ക, കല്ലളി, മുണ്ട്യത്തടുക്ക, കിന്നംഗാർ, കമ്പാർ തുടങ്ങിയ സ്ഥലങ്ങളിലേക്ക് സർവ്വീസ് നടത്തി വരുന്നു. |
| (സി) | ഏതെങ്കിലും റൂട്ടിൽ സർവ്വീസ് മുടങ്ങിയിട്ടുണ്ടോ;എങ്കിൽ കാരണമെന്താണ്; എപ്പോഴാണ് മുടങ്ങിയതെന്നും, പുനസ്ഥാപിച്ചിട്ടുണ്ടെങ്കിൽ അത് എപ്പോഴാണെന്നും വ്യക്തമാക്കുമോ; | (സി) | മുണ്ട്യത്തടുക്ക, കിന്നിംഗാർ, കമ്പാർ എന്നീ സർവ്വീസുകൾ ബസ്സില്ലാത്തതിന്റെ അടിസ്ഥാനത്തിൽ മുടങ്ങിയിട്ടുണ്ട്. പുതുതായി ബസ്സുകൾ ലഭ്യമായതിനാൽ ടി സർവ്വീസുകൾ ഇപ്പോൾ കൃത്യമായി ഓപ്പറേറ്റ് ചെയ്തു വരുന്നു. |
| (ഡി) | ബസ്സുകളുടെ കുറവ്, സ്പെയർപാർട്ട് | (ഡി) | കാസർഗോഡ് ഡിപ്പോയിൽ 4 നോൺ |

| | | | |
|---|---|---|---|
| | സുകളുടെ അഭാവം, ജീവനക്കാരുടെ കുറവ് എന്നിവ കാസർഗോഡ് ഡിപ്പോയുടെ പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | | എ.സി ജൻറം ഉൾപ്പെടെ 90 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് സ്പെയർ ഉൾപ്പെടെ 99 ബസുകളാണ് ആവശ്യമായിട്ടുള്ളത്. നിലവിൽ 105 ബസുകളുണ്ട്. 27/04/17-ലെ കണക്കനുസരിച്ച് 4 ബസുകൾ എഞ്ചിനും, ഓരോ ബസുവീതം F.I പമ്പ്, ഗീയർ ബോക്സ്, എന്നിവയുമായി ഡോക്കിലാണ്. സ്പെയർ പാർട്സുകൾ ലഭ്യമാക്കി ഈ ബസുകൾ എത്രയും പെട്ടെന്ന് റിലീസ് ചെയ്യുന്നതാണ്. കാസർഗോഡ് ഡിപ്പോയിൽ നിലവിൽ 90 ഷെഡ്യൂൾ ഓപ്പറേറ്റ് ചെയ്യുന്നതിന് 53 ഡ്രൈവർമാരുടെയും, 28 കണ്ടക്ടർമാരുടെയും കുറവുണ്ട്. അസിസ്റ്റന്റ് തസ്തികയിൽ 13 പേരുടെ കുറവും, സൂപ്രണ്ട് തസ്തികയിൽ 2 പേരുടെ കുറവും, അസിസ്റ്റന്റ് സ്റ്റോർ കീപ്പർ തസ്തികയിൽ ഒരാളുടെ കുറവും, സ്റ്റോർ ഇഷ്യൂവർ തസ്തികയിൽ ഒരാളുടെ കുറവും, ഗാർഡ് തസ്തികയിൽ 5 പേരുടെ കുറവും പ്യൂൺ തസ്തികയിൽ ഒരാളുടെ കുറവും, ചാർജ്ജ്മാൻ (ആട്ടോ) തസ്തികയിൽ 2 പേരുടെ കുറവും, മെക്കാനിക്ക് തസ്തികയിൽ 10 പേരുടെ കുറവും ഉണ്ട്. |

**സെക്ഷൻ ഓഫീസർ**